ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 30.06.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ഏകാരോഗ്യം എന്ന ആശയത്തിലൂന്നി , മനുഷ്യനും സഹജീവികളും പരിസ്ഥിതിയും സഹവർത്തിത്തത്തോടെ മുന്നേറണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമ്മു.

   President Droupadi Murmu emphasizes the concept of "One Health", urging harmonious coexistence of humans, animals, and the environment.

2) ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കുന്നതിനായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ഇന്ന് അമേരിക്കയിലേക്ക് തിരിക്കും.

   External Affairs Minister S. Jaishankar to leave for the U.S. today to attend the Quad Foreign Ministers' meeting.

3) IRCTC വെബ്സൈറ്റിലും മൊബൈൽ ആപ്പിലും തത്ക്കാൽ ടിക്കറ്റുകൾ ബുക്ക് ചെയ്യാൻ ആധാർ അധിഷ്ഠിത സ്ഥിരീകരണം നാളെ മുതൽ നിലവിൽ വരും.

   Aadhaar-based verification to become mandatory for booking Tatkal tickets on IRCTC website and mobile app starting tomorrow.

4) പാലക്കാട് ഐഐടി ഉൾപ്പെടെ റാഗിംഗ് വിരുദ്ധ ചട്ടങ്ങൾ പാലിക്കാത്തതിന് രാജ്യത്തുടനീളമുള്ള 89 സ്ഥാപനങ്ങൾക്ക് യുജിസിയുടെ നോട്ടീസ്.

UGC issues notices to 89 institutions across the country, including IIT Palakkad, for violating anti-ragging regulations.

5) സംസ്ഥാന പോലീസ് മേധാവിയായി റവാഡ ചന്ദ്രശേഖറിനെ നിയമിക്കാൻ കേരളാ മന്ത്രിസഭായോഗം തീരുമാനിച്ചു.

Kerala Cabinet decides to appoint R. Chandrasekhar as the new State Police Chief.

6) ഈ വർഷത്തെ വിംബിൾഡൺ ടെന്നിസ് മത്സരങ്ങൾക്ക് ഇന്ന് തുടക്കം .

Wimbledon tennis 2025, set to begin today.

*****************

**PREZ – UTTAR PRADESH (INTRO)**

ഏകാരോഗ്യം എന്ന ആശയത്തിലൂന്നി , മനുഷ്യനും സഹജീവികളും പരിസ്ഥിതിയും സഹവർത്തിത്തത്തോടെ മുന്നേറണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമ്മു. രാജ്യത്തിൻറെ തനതായ പാരമ്പര്യമുൾകൊണ്ട് ഇത് നിരന്തരം മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു . ഉത്തർപ്രദേശിലെ ബറേലിയിലെ ഇന്ത്യൻ വെറ്ററിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂറ്റിന്റെയും ഗോരഖ്പൂർ എയിംസിൻറെയും ബിരുദദാന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി.

(ഹോൾഡ് വോയ്സ്......)

സാങ്കേതിക രംഗത്തെ വമ്പിച്ച സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക വഴി മൃഗസംരക്ഷണ രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിക്കുമെന്നും ശ്രീ മുർമു അഭിപ്രായപ്പെട്ടു. രണ്ടു ദിവസത്തെ

സന്ദർശനത്തിൻറെ ഭാഗമായി നാളെ ഗോരഖ്പൂർ ആയുഷ് സർവകലാശാലയും മഹായോഗി ഗോരഖ്നാഥ് സർവകലാശാലയും രാഷ്ട്രപതി സന്ദർശിക്കും.

*****************

## JAISHANKAR – US VISIT

നാളെ നടക്കാനിരിക്കുന്ന ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കുന്നതിനായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ഇന്ന് അമേരിക്കയിലേക്ക് തിരിക്കും. സ്വതന്ത്രവും സുരക്ഷിതവുമായ ഇന്തോ-പസഫിക് മേഖലയ്ക്കായി പൊതു കാഴ്ചപ്പാട് രൂപീകരിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങളിൽ ക്വാഡ് നേതൃത്വം ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

*****************

## OM BIRLA – CPA CONFERENCE

കോമൺവെൽത്ത് പാർലമെൻററി അസോസിയേഷൻ രണ്ടാം മേഖലയുടെ വാർഷിക സമ്മേളനം ഇന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള ഉദ്ഘാടനം ചെയ്യും. ധർമ്മശാലയിലെ തപോവനിലാണ് സമ്മേളനം. ഡൽഹി, ഹരിയാന, ഹിമാചൽ പ്രദേശ്, ജമ്മു കശ്മീർ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾ രണ്ടാമത്തെ മേഖലയിൽ ഉൾപ്പെടുന്നു.

*****************

## UGC – RAGGING

റാഗിംഗ് വിരുദ്ധ ചട്ടങ്ങൾ പാലിക്കാത്തതിന് രാജ്യത്തുടനീളമുള്ള 89 സ്ഥാപനങ്ങൾക്ക് യുജിസി നോട്ടീസ്. 2009-ലെ റാഗിംഗ് സംബന്ധിച്ച യുജിസി മാനദണ്ഡങ്ങൾ അനുസരിച്ച്, യുജിസിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ സ്ഥാപനങ്ങളും വിദ്യാർത്ഥികളിൽ നിന്ന് സമ്മതപത്രവും റാഗിങ്ങ് വിരുദ്ധ പ്രസ്താവനയും സമർപ്പിക്കണം. ഇതിൽ വീഴ്ച വരുത്തിയ നാല് ഐഐടികൾ, മൂന്ന് ഐഐഎമ്മുകൾ,

അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റി എന്നിവയുൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കാണ് നോട്ടീസ്. പാലക്കാട് ഐഐടിയും ഇതിൽ ഉൾപ്പെടുന്നു.

*****************

## FOREIGN INVESTORS

ഇന്ത്യൻ ഓഹരി വിപണികളിൽ കഴിഞ്ഞയാഴ്ച 13,107 കോടി രൂപയുടെ വിദേശ നിക്ഷേപം ഉണ്ടായതായി നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി. ആഗോള രാഷ്ട്രീയ, വ്യാപാര സംഘർഷങ്ങളിൽ കുറവുണ്ടായ പശ്ചാത്തലത്തിലാണ് നിക്ഷേപത്തിലെ വർധ.

*****************

## IRCTC

IRCTC വെബ്സൈറ്റിലും മൊബൈൽ ആപ്പിലും തത്ക്കാൽ ടിക്കറ്റുകൾ ബുക്ക് ചെയ്യാൻ ആധാർ അധിഷ്ഠിത സ്ഥിരീകരണം നാളെ മുതൽ നിലവിൽ വരും. ജൂലൈ അവസാനം മുതൽ തത്ക്കാൽ ബുക്കിംഗുകൾക്ക് OTP സ്ഥിരീകരണവും ഏർപ്പെടുത്തും. ഈ വർഷം അവസാനത്തോടെ മിനിറ്റിൽ ഒന്നര ലക്ഷത്തിലേറെ ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്ന പുതിയ റിസർവേഷൻ സംവിധാനം നിലവിൽവരുമെന്നും റെയിൽവെ അറിയിച്ചു.

*****************

## Ashwini Vaishnav

ട്രെയിൻ പുറപ്പെടുന്നതിന് എട്ട് മണിക്കൂർ മുമ്പ് റിസർവേഷൻ ചാർട്ടുകൾ തയ്യാറാക്കാൻ റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് റെയിൽവേ ബോർഡിന് നിർദ്ദേശം നൽകി. വെയിറ്റ്ലിസ്റ്റ് ടിക്കറ്റുള്ള യാത്രക്കാർക്ക് കൂടുതൽ ഗുണം ചെയ്യുന്നതാണ് ഇത്. ടിക്കറ്റ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുമെന്നും ശ്രീ വൈഷ്ണവ് പറഞ്ഞു.

*****************

## KAILASH MANSAROVAR YATRA

അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷം കൈലാസ് മാനസ സരോവർ യാത്ര ഇന്ന് പുനരാരംഭിക്കും. കോവിഡ്

വ്യാപനത്തെ തുടർന്ന് 2020 ൽ തീർത്ഥാടനം നിർത്തിവച്ചിരുന്നു. ഈ വർഷം, സിക്കിമിലെ നാഥുല ചുരം, ഉത്തരാഖണ്ഡിലെ ലിപുലേഖ് ചുരം എന്നിവ വഴിയാണ് യാത്ര സംഘടിപ്പിച്ചിരിക്കുന്നത്. അതേസമയം കനത്ത മഴയും മണ്ണിടിച്ചിൽ സാധ്യതയും പരിഗണിച്ച് താത്കാലികമായി നിർത്തിവച്ചിരുന്ന ചാർധാം യാത്ര ഇന്ന് രാവിലെ പുനരാരംഭിച്ചു.

*****************

## Amarnath Yatra

ഈ വർഷത്തെ അമർനാഥ് യാത്രയ്ക്കുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിലേക്ക് . ജൂലൈ 3 ന് ആരംഭിക്കുന്ന വാർഷിക തീർത്ഥാടനത്തിനുള്ള ടിക്കറ്റ് എടുക്കുന്നതിനായി ഇന്ത്യയിലുടനീളവും വിദേശത്തുമുള്ള ഭക്തർ ഇന്ന് പുലർച്ചെ സരസ്വതി ധാമിൽ എത്തിത്തുടങ്ങി. യാത്ര സുഗമമാക്കുന്നതിനായി ജമ്മു - ശ്രീനഗർ ദേശീയ പാതയിൽ സുരക്ഷാ സേന മോക്ക് ഡ്രിൽ സംഘടിപ്പിച്ചു.

*****************

## Cabinet meeting – Police Chief

സംസ്ഥാന പോലീസ് മേധാവിയായി റവാഡ ചന്ദ്രശേഖറിനെ നിയമിക്കാൻ കേരളാ മന്ത്രിസഭായോഗം തീരുമാനിച്ചു. - യു.പി.എസ്.സി. യിൽ ചേർന്ന എം പാനൽമെൻ്റ് കമ്മിറ്റി നൽകിയ ചുരുക്കപ്പട്ടികയിൽ നിന്നാണ് ഇദ്ദേഹത്തെ തിരഞ്ഞെടുത്തത്. 1991 ബാച്ച് ഐപിഎസ് ഉദ്യോഗസ്ഥനാണ് . നിലവിൽ ഡൽഹി ഇന്റലിജൻസ് ബ്യൂറോയിൽ സ്പെഷ്യൽ ഡയറക്ടറാണ് . കൂത്തുപറമ്പ് വെടിവെയ്പ് സമയത്ത് തലശ്ശേരി എ എസ് പി ആയിരുന്നു .

*****************

## Farewell (INTRO)

സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ് ഇന്ന് വിരമിക്കും. 1991 ബാച്ച് കേരള കേഡർ ഐ പി എസ് ഉദ്യോഗസ്ഥനാണ് അദ്ദേഹം രണ്ട് വർഷം പോലീസ് മേധാവിയായി സേവനം
അനുഷ്ഠിച്ചു. വിശിഷ്ടസേവനത്തിന് 2016 ൽ രാഷ്ട്രപതിയുടെ പോലീസ് മെഡലും, 2007 ൽ ഇന്ത്യൻ പോലീസ് മെഡലും ലഭിച്ചിട്ടുണ്ട്. വിരമിക്കുന്ന സംസ്ഥാന പോലീസ് മേധാവിക്ക് യാത്രയയപ്പു നൽകുന്നതിന്റെ ഭാഗമായി തിരുവനന്തപുരം എസ്.എ.പി ഗ്രൗണ്ടിൽ പോലീസ് സേനയുടെ പരേഡ് നടന്നു. ഇന്ത്യയിലെ തന്നെ മികച്ച പൊലീസ് സേനകളിലൊന്നാണ് കേരള പോലീസെന്ന് ഡി ജി പി വിരമിക്കൽ പ്രസംഗത്തിൽ പറഞ്ഞു.

(HOLD VOICE)

*****************

## Janaki vs. State of Kerala

ജാനകി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള സിനിമയുടെ പ്രദർശന അനുമതി നിഷേധിച്ചതിനെതിരെയുള്ള ഹർജി കേരള ഹൈക്കോടതി ഇന്ന് വീണ്ടും പരിഗണിക്കും. ജാനകിയെന്ന പേര് മാറ്റണമെന്ന തീരുമാനത്തിൻറെ പകർപ്പ് സെൻസർ ബോർഡ് ഇന്ന് ഹാജരാക്കും. സിനിമ 16 വയസിന് താഴെയുള്ള കുട്ടികൾക്ക് കാണുന്നതിന് വിലക്കുണ്ടെന്നും, മതവിഭാഗവുമായി ബന്ധപ്പെട്ട പ്രശ്നമുണ്ടെന്നുമാണ് ബോർഡിൻറെ നിലപാട്.

*****************

## Supplementary allotment

വൊക്കേഷണൽ ഹയർ സെക്കൻഡറി അലോട്ട്മെന്റിൽ, സീറ്റ് ലഭിക്കാതിരുന്നവർക്കും ഇതുവരെയും അപേക്ഷ നൽകാൻ കഴിയാതിരുന്നവർക്കും സപ്ലിമെന്ററി അലോട്ട്മെന്റിന് ഇന്ന് വൈകുന്നേരം വരെ അപേക്ഷിക്കാം. മുഖ്യഘട്ടത്തിൽ

അലോട്ട്മെന്റ് ലഭിച്ചിട്ട് പ്രവേശനത്തിന് ഹാജരാകാത്തവർക്കും വീണ്ടും അപേക്ഷിക്കാം.

*****************

## WIMBLEDON 2025

ഈ വർഷത്തെ വിംബിൾഡൺ ടെന്നിസ് മത്സരങ്ങൾക്ക് ഇന്ന് തുടക്കം . പുരുഷ സിംഗിൾസിൽ നിലവിലെ ചാമ്പ്യൻ സ്പെയിനിൻറെ കാർലോസ് അൽക്കരസ്, വനിതാ സിംഗിൾസിൽ ലോക ഒന്നാം നമ്പർ ആര്യന സബെലങ്ക എന്നിവർ ഇന്ന് കളത്തിലിറങ്ങും . പുരുഷ ഡബിൾസിൽ രോഹൻ ബൊപ്പണ്ണ ,യുകി ഭാംബ്രി, എൻ. ശ്രീറാം ബാലാജി എന്നീ ഇന്ത്യൻ താരങ്ങൾ മത്സരിക്കും.

*****************

## BADMINTON – US OPEN

ഇന്ത്യൻ ബാഡ്മിൻറൺ താരം ആയുഷ് ഷെട്ടിക്ക് യു എസ് ഓപ്പൺ ബാഡ്മിൻറൺ പുരുഷ സിംഗിൽസ് കിരീടം. ലോക ബാഡ്മിൻറൺ ഫെഡറേഷൻറെ വേൾഡ് ടൂർ കിരീടം നേടുന്ന ആദ്യ ഇന്ത്യക്കാരനാണ് ആയുഷ്. ഫൈനലിൽ കാനഡയുടെ ബ്രയാൻ യാങ്ങിനെയാണ് ആയുഷ് പരാജയപ്പെടുത്തിയത്. വനിതാ സിംഗിൾസ് ഫൈനലിൽ ഇന്ത്യയുടെ തൻവി ശർമ്മ ടോപ് സീഡായ അമേരിക്കയുടെ ബീവൻ ഷാങ്ങിനോട് പരാജയപ്പെട്ടു.

*****************

## HUL DIWAS

ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്കെതിരായ സ്വാതന്ത്ര്യത്തിനും നീതിക്കും വേണ്ടിയുള്ള പോരാട്ടത്തിൽ സന്താൽ ജനത നടത്തിയ ത്യാഗത്തിന് ആദരാഞ്ജലി അർപ്പിക്കുന്നതിനായി ഇന്ന് ഹൂൾ ദിവസ് ആചരിക്കുന്നു . ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിൻറെ അടിച്ചമർത്തൽ നയങ്ങൾക്കെതിരെ നടന്ന പ്രക്ഷോഭമായിരുന്നു കൻഹു മുർമുവിന്റെ നേതൃത്വത്തിൽ 1855 ജൂൺ 30 ന് ആരംഭിച്ച സന്താൽ ഹൂൾ കലാപം.

*****************

## IMD

രാജ്യമൊട്ടാകെ കാലവർഷം എത്തിച്ചേർന്നതായി കേന്ദ്ര കലാവസ്ഥാവകുപ്പ്. സാധാരണയിൽ നിന്ന് ഒൻപത് ദിവസം മുൻപാണ് ഇത്തവണ മൺസൂൺ എത്തിയത്.
ഝാർഖണ്ഡിൽ ഒറ്റപ്പെട്ട ഇടങ്ങളിലും ഒഡീഷ, ബിഹാർ, മധ്യപ്രദേശ്, ഛത്തീസ്ഗഢ് എന്നിവിടങ്ങളിലും അടുത്തമാസം അഞ്ചു വരെ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

*****************

## TRACHOMA-WHO

ഇന്ത്യ ട്രക്കോമ രോഗമുക്തമെന്ന് ലോകാരോഗ്യ സംഘടന. അന്ധതയുടെ പ്രധാന കാരണമായിരുന്ന ഈ രോഗത്തെ സുസ്ഥിര പ്രയത്നങ്ങളിലൂടെയും മികച്ച ആരോഗ്യ സേവനങ്ങളിലൂടേയുമാണ് ഇന്ത്യ തുടച്ച് നീക്കിയത്.

*****************

## SENSEX-GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 278 പോയിൻറ് കുറഞ്ഞ് 83,780 ലും നിഫ്റ്റി 80 പോയിന്റ് താഴ്ന്ന് 25,557 ലും വ്യാപാരം തുടരുന്നു. സ്വർണം പവന് 120 രൂപ കുറഞ്ഞ് 71,320 രൂപയും ഗ്രാമിന് 8,915 രൂപയുമാണ് ഇന്നത്തെ വില.

*****************

************

********